**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2736 — 14.12.2015 -ൽ മറുപടിക്ക്

## തൊഴിൽ അന്വേഷകർക്കായുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോസഫ് വാഴയ്ക്കൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ലൂഡി ലൂയിസ്**<br>**ശ്രീ.കെ.എസ്. ശബരീനാഥൻ** | **ശ്രീ.ഷിബു ബേബി ജോൺ**<br>**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)** |
| (എ) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചു കൊണ്ടും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കി കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ? | സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനാ വശ്യമായ നടപടികൾ പൂർത്തി യായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത എംപ്ലോയബിലിറ്റി സെന്ററുകളിൽ അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കൾ കേന്ദ്രീകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ